**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.829** 30.11.2018 **-ലെ മറുപടിക്ക്**

**<u>അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ). | അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | 1. നെന്മാറപ്പാടം കോളനി<br>2. പടിക്കൽപാടം കോളനി |
| (ബി) | ഓരോ കോളനിയുടെയും നിലവിലെ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) | പടിക്കൽപാടം കോളനിയിൽ റോഡ് വർക്ക്, 220 മീറ്റർ പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. നെന്മാറപ്പാടം കോളനിയിൽ അംഗൻവാടി ഷീറ്റ് വർക്ക്, ഡ്രെയിനേജിന്റെ പ്രവൃത്തി എന്നിവ പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. ടി രണ്ട് കോളനികളുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. |
| (സി) | എന്നു മുതലാണ് പ്രവൃത്തികൾ ആരംഭിച്ചതെന്നും പൂർത്തീകരിക്കേണ്ട കാലാവധി എന്നാണെന്നും നിലവിൽ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കുമോ? | (സി) | രണ്ട് പദ്ധതികളുടെയും പ്രവൃത്തി 06.02.2018 നാണ് ആരംഭിച്ചിട്ടുള്ളത്. 2019 മെയ് അവസാനത്തോടുകൂടി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും. നിലവിൽ 2 പദ്ധതികൾക്കും തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ